**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 948** **10-08-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ ഉന്നമനത്തിനായി പട്ടികജാതി വിഭാഗത്തിന്റെ തൊഴിൽമേഖല കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. പരമ്പരാഗത തൊഴിൽ മേഖലകളിലുണ്ടായ വരുമാന ശോഷണവും, ആധുനിക തൊഴിൽ മേഖലകളിലുണ്ടായ സാധ്യതകളും മികച്ച രീതിയിൽ പ്രയോജനപ്പെടുത്തി പട്ടികജാതിക്കാരുടെ സാമൂഹിക ഉന്നമനത്തിനുതകും വിധം ആധുനിക തൊഴിൽ മേഖലകളിൽ സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീ യുവാക്കളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഐ.ടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം, എയർലൈൻ, എയർപോർട്ട് മേഖല, കാർഗോ മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ KASE (Kerala Academy for Skills Excellence), KELTRON (Kerala State Electronics Development Corporation Limited), CIPET (Central Institute of Petrochemicals Engineering & Technology), CDAC (Centre for Development of Advanced Computing), ASAP (Additional Skill Acquisition Programme Kerala) മുഖേന നടപ്പിലാക്കുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായിച്ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റ് ഉറപ്പാക്കുന്നു. പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് ആധുനിക തൊഴിൽ മേഖലയിൽ തൊഴിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനായി പഞ്ചമി എന്ന പദ്ധതി ആരംഭിച്ചിട്ടില്ല.<br><br>സർക്കാർ വകുപ്പുകളുടെ പിന്തുണയോടൊപ്പം പൊതുകമ്പോളത്തിലെ ഏജൻസികളുമായി മത്സരത്തിലേർപ്പെട്ടും ക്ഷേമ പദ്ധതികളുടെ നിർവ്വഹണത്തിൽ പട്ടികജാതി പട്ടികവർഗ്ഗ യുവതീ-യുവാക്കളുടെ സംഘങ്ങൾക്ക് നേരിട്ട് പങ്കാളികളാകാനും അതിലൂടെ മെച്ചപ്പെട്ട വരുമാനവും സ്വാശ്രയത്വവും ലഭിക്കാനും, അത്തരത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തരായ യുവതി-യുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരും, തൊഴിൽദാതാക്കളുമാക്കുന്നതിനായി കേരള സർക്കാർ കേരള എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് ആധുനിക തൊഴിൽ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി പഞ്ചമി എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള തൊഴിലുകളിൽ പ്രസ്തുത വിഭാഗക്കാർക്ക് പരിശീലനം നൽകി പ്രാപ്തരാക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (ഡി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പരമ്പരാഗത തൊഴിലുകൾ ചെറുകിട യന്ത്രങ്ങളുടെ സഹായത്തോടെ ആധുനികവൽക്കരിച്ച് കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പരമ്പരാഗത തൊഴിലുകൾ ചെറുകിട യന്ത്രങ്ങളുടെ സഹായത്തോടെ ആധുനികവൽക്കരിച്ച് കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതിനായി കേരള കരകൗശല വികസന കോർപ്പറേഷൻ മുഖേന കൈതോല, ഈറ, ചൂരൽ എന്നിവ കൊണ്ടുള്ള കരകൗശല ഉത്പന്നങ്ങളുടെ നിർമ്മാണവും, കരകൗശല ഉല്പാദകർക്ക് ധനസഹായവും അനുവദിക്കുന്ന പദ്ധതിയ്ക്ക് 2023-24 സാമ്പത്തികവർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ